## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1186** — 02.03.2017-ൽ മറുപടിക്ക്

## പെരിന്തൽമണ്ണ കാളിക്കടവ് പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കാളിക്കടവ് പാലത്തിന്റെ നിർമ്മാണം ഈ പ്രദേശവാസികൾക്ക് വളരെ ഉപകാരപ്രദമായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) കാളിക്കടവ് പാലം നിർമ്മാണത്തിന് NABARD-RIDF-XXII പദ്ധതിയിൽ ഉൾപ്പെടുത്തി തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഭരണാനുമതി ലഭിച്ചത്; | (ബി) G.O(Rt)No.546/2016/PWD dated 03.03.2016 പ്രകാരം NABARD RIDF XXII-ൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) ഈ പാലത്തിന്റെ നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭിച്ച് ഇത്രകാലമായിട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാത്തതെന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | (സി) ആവശ്യമായ മുഴുവൻ ഭൂമിയും ലഭ്യമാകാത്തതിനാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഭൂമിയില്ലാതെ റിപ്പോർട്ട് തയ്യാറാക്കരുതെന്നാണ് നിലവിലുള്ള ചട്ടം. |
| (ഡി) പാലം നിർമ്മാണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുന്നതിനും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ